# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

---

വിഷയം:- ആവഡ- ആ.വ.ഡ-ജീവനക്കാര്യം-സ്പെഷ്യാലിറ്റി കേഡർ-പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയ ഡോ.അബ്ദുൽ സത്താർ.എ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA (EKM) No.892/ 2026 മേലുള്ള 06/7/2026 ലെ ഉത്തരവ്- അനുപാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1 . ഒ.എ (ഇ.കെ.എം) 892/2026 നമ്പർ കേസിന്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 06/7/2026 തീയതിയിലെ ഉത്തരവ്

2. 02/7/2026 തീയതിയിലെ ഡോ .അബ്ദുൽ സത്താർ .എ സമർപ്പിച്ച അപേക്ഷ

**<u>ഉത്തരവ് നം: ഇ.ബി4/15330/2026/ആ.വ.ഡതീയതി: 21-07-2026</u>**

---

പനത്തടി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയ ഡോ.അബ്ദുൽ സത്താർ.എ 2026 ലെ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യുണൽ മുൻപാകെ ഒ.എ (ഇ.കെ.എം) 892/2026 നമ്പർ കേസ് ഫയൽ ചെയ്യുകയും ആയതിന്റെ പരാമർശം (1) പ്രകാരമുള്ള ഉത്തരവിൽ രണ്ടാം എതിർകക്ഷിയായ ആരോഗ്യ വകുപ്പ് ഡയറക്ടർ ടിയാൾ **Annexure A8** ആയി സമർപ്പിച്ച അപേക്ഷയിൻമേൽ തീരുമാനമെടുക്കുന്നതിന് നിർദ്ദേശിച്ച് ബഹു.

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവാകുകയും ചെയ്തിരിക്കുന്നു.

2. ഡോ.അബ്ദുൽ സത്താർ.എ **Annexure A8** ആയി സമർപ്പിച്ച നിവേദനത്തിന്മേൽ താഴെപ്പറയുന്ന വാദങ്ങളാണ് ഉന്നയിച്ചിരിക്കുന്നത്.

നിലവിൽ പനത്തടി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ജൂനിയർ കൺസൽട്ടന്റ് (പീഡിയാട്രിക്സ്) ആയി സേവനമനുഷ്ഠിക്കുന്നു. **2024** ലെ പൊതുസ്ഥലംമാറ്റത്തിൽ എറണാകുളം ജില്ലയിലെ കരുവേലിപ്പടി താലൂക്കാശുപത്രിയിൽ നിന്നും നിർബന്ധിതമായി നിലവിലെ സ്റ്റേഷനിലേക്ക് സ്ഥലം മാറ്റം നൽകി നിയമിച്ചിരുന്നു. പ്രസ്തുത സ്ഥാപനത്തിൽ **2** വർഷം പൂർത്തിയാക്കി. **2024** ലെ പൊതുസ്ഥലംമാറ്റത്തിൽ തന്നെക്കാൾ ജൂനിയർ ആയ മെഡിക്കൽ ഓഫീസർക്ക് എറണാകുളം ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം നൽകിയിരുന്നു. ആയതുമായി ബന്ധപ്പെട്ട് അപ്പീൽ സമർപ്പിച്ചിരുന്നു എങ്കിലും പരിഗണിച്ചിരുന്നില്ല. **16/12/2024** ന് തുറവൂരിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) തസ്തികയിൽ ഒഴിവ് വന്നപ്പോൾ സ്ഥലംമാറ്റത്തിനായി അപ്പീൽ നൽകി. എന്നാൽ അപ്പീൽ പരിഗണിച്ചില്ല. കരുവേലിപ്പടി താലൂക്കാശുപത്രിയിൽ ജോലി ചെയ്തിരുന്ന ജൂനിയർ കൺസൽട്ടന്റ് (പീഡിയാട്രിക്സ്) ഡോക്ടർ സൂപ്പർ സ്പെഷ്യലിറ്റി വിഭാഗത്തിലേക്ക് നിയമനം ലഭിച്ചപ്പോൾ ഉണ്ടായ ഒഴിവിലേക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ കരുവേലിപ്പടി താലൂക്കാശുപത്രിയിലേയ്ക്കുള്ള അപേക്ഷ പരിഗണിച്ചില്ല. **2026** ലെ പൊതുസ്ഥലംമാറ്റത്തിൽ കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോൾ താലൂക്കാസ്ഥാന ആശുപതി തൃപ്പൂണിത്തുറയിലേക്ക് തന്നെ പരിഗണിച്ചിരുന്നു. എന്നാൽ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടന്റ് തസ്തികയിലെ അന്തിമ ഉത്തരവ് പ്രസിദ്ധീകരിച്ചപ്പോൾ തന്നെ അന്തിമ പട്ടികയിൽ നിന്നും ഒഴിവാക്കിയിരുന്നു. തന്റെ കുടുംബം എറണാകുളം ജില്ലയിൽ സ്ഥിരതാമസക്കാരാണ്. മേൽ സാഹചര്യം പരിഗണിച്ച് എറണാകുളം ജില്ലയിലേക്ക് സ്ഥലംമാറ്റം അനുവദിക്കണമെന്നാണ് ആവശ്യം.

3. മേൽ പറഞ്ഞ വാദഗതി വിശദമായി പരിശോധിച്ചു.

പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് ആയ ഡോ. അബ്ദുൽ സത്താർ. എ 15/06/2022 മുതൽ കരുവേലിപ്പടി താലൂക്കാസ്ഥാന ആശുപത്രിയിൽ ജോലി ചെയ്തുവരികയായിരുന്നു. അതിനു മുമ്പ്, ടിയാൻ 07/07/2018 മുതൽ തൃപ്പൂണിത്തുറ താലൂക്കാസ്ഥാന ആശുപത്രിയിൽ ആണ് സേവനമനുഷ്ഠിച്ചിരുന്നത്. ഡോ. അബ്ദുൽ സത്താർ. എ സേവനമനുഷ്ഠിച്ചിരുന്ന കരുവേലിപ്പടി താലുക്കാസ്ഥാന ആശുപത്രിയും, തൃപ്പൂണിത്തുറ താലൂക്കാസ്ഥാന ആശുപത്രിയും 15 കിലോമീറ്റർ ചുറ്റളവിൽ ഉള്ള സ്റ്റേഷനുകൾ ആയതിനാൽ അവകൾ സ്ഥലംമാറ്റ മാനദണ്ഡ പ്രകാരം **same station** ആയി കണക്കാക്കേണ്ടി വരും. ഡോ. അബ്ദുൽ സത്താർ. എ 2024 പൊതുസ്ഥലംമാറ്റത്തിൽ ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിച്ചിരുന്നില്ല. 10/2/2021 മുതൽ ആലുവ ജില്ലാ ആശുപത്രിയിൽ സേവനമനുഷ്ഠിച്ചിരുന്ന ഡോ ശ്രീജിത്ത്.എ.ജി യെ അന്തിമ പട്ടികയിൽ കരുവേലിപ്പടി താലുക്കാസ്ഥാന ആശുപത്രിയിൽ പരിഗണിക്കേണ്ടി വന്നതിനാൽ ആണ് 2024 പൊതുസ്ഥലം മാറ്റത്തിൽ പ്രസ്തുത കാലയളവിൽ ഡോ. അബ്ദുൽ സത്താർ. എ യെ ഒഴിവ് നിലവിൽ ഉണ്ടായിരുന്ന പനത്തടി സാമൂഹികാരോഗ്യകേന്ദ്രത്തിൽ സ്ഥലം മാറ്റി നിയമിച്ചത്.

2023 പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് ജൂനിയർ കൺസൽട്ടൻറ് (പീഡിയാട്രിക്സ്) ഡോ.ശിഖ സുഗതൻ 972/23 നം.കേസ് ഫയൽ ചെയ്തിരുന്നു. ടി കേസിന്മേൽ ജൂനിയർ കൺസൽട്ടൻറ് (പീഡിയാട്രിക്സ്) കേഡറിൽ ആലപ്പുഴ ജില്ലയിൽ ഇനി വരുന്ന ഒഴിവിൽ ഡോ.ശിഖ സുഗതനെ നിയമിക്കുന്നത് അനുഭാവപൂർവം പരിഗണിക്കണമെന്ന് GO(Rt) No. 1989/2023/H&F WD dated. 07/8/2023 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിർദേശിച്ചിരുന്നു. ആയതിനു ശേഷം 2024 പൊതുസ്ഥലംമാറ്റത്തിൽ ടിയാളെ പരിഗണിക്കാതിരുന്നതിനാൽ ഡോ.ശിഖ സുഗതൻ 953/24 നമ്പർ OA ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബുണലിന്റെ വിധി ന്യായത്തിൽ സർക്കാർ ഉത്തരവ് നടപ്പിലാക്കുവാൻ നിർദേശിച്ചിരുന്നു. ആയത് പ്രകാരം

പീഡിയാട്രിക്സ് വിഭാഗം കൺസൽട്ടൻറ് തസ്തികയിലെ സ്ഥാനക്കയറ്റം മുഖേന ആലപ്പുഴ ജില്ലയിലെ തുറവൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിൽ ഒഴിവ് നിലവിൽ വന്നതിനാൽ സർക്കാർ ഉത്തരവ് പാലിച്ചുകൊണ്ട് ഡോ.ശിഖ സുഗതനന് തുറവൂർ സി.എച്ച്.സി യിലേക്ക് സ്ഥലംമാറ്റം നൽകി ഉത്തരവായിരുന്നത്.

**09/09/2024** മുതൽ പനത്തടി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ജൂനിയർ കൺസൽട്ടൻറ് (പീഡിയാട്രിക്സ്) ആയി സേവനമനുഷ്ഠിക്കുന്ന ഡോ.അബ്ദുൽ സത്താർ.എ **2026** ലെ പൊതുസ്ഥലംമാറ്റത്തിൽ താഴെപ്പറയുന്ന ഓപ്ഷനുകൾ നൽകിയിരുന്നു.

1. <u>താലൂക്കാസ്ഥാന ആശുപത്രി,ഫോർട്ട് കൊച്ചി</u>:- **13/06/2022** മുതൽ താലൂക്കാസ്ഥാന ആശുപത്രി പുത്തൻവേലിക്കരയിൽ സേവനമനുഷ്ഠിക്കുന്ന ഡോ.രാജേഷ് .പി യെ സ്റ്റേഷൻ സീനിയോറിറ്റി പരിഗണിച്ച് സ്ഥലംമാറ്റം നൽകി .
2. <u>താലൂക്കാസ്ഥാന ആശുപത്രി,പുത്തൻവേലിക്കര</u>:- **26/11/2022** മുതൽ കോട്ടയം ജില്ലയിൽ അയർക്കുന്നം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ സേവനമനുഷ്ഠിക്കുന്ന ഡോ.സജിത്ത് ജോണിനെ ഔട്ട് സ്റ്റേഷൻ പരിഗണിച്ച് സ്ഥലംമാറ്റം നൽകി.
3. <u>സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ,മട്ടാഞ്ചേരി</u>:- ടി സ്ഥാപനത്തിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ഡോ.എൽബി ബാബു **01/06/2024** മുതലാണ് ഈ സ്ഥാപനത്തിൽ ജോലി ചെയ്ത് വരുന്നത്. ആയതിനാൽ ടി സ്ഥാപനത്തിലേക്കുള്ള സ്ഥലംമാറ്റ അപേക്ഷ പരിഗണിക്കുവാൻ നിർവാഹമില്ല.
4. <u>താലൂക്കാസ്ഥാന ആശുപത്രി,കരുവേലിപ്പടി</u>:- ടി സ്ഥാപനത്തിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ഡോ .ആൻ രശ്മി തോമസ് **26/02/2026** മുതലാണ് ഈ സ്ഥാപനത്തിൽ ജോലി ചെയ്ത് വരുന്നത്. ആയതിനാൽ ടി സ്ഥാപനത്തിലേക്കുള്ള സ്ഥലംമാറ്റ അപേക്ഷ പരിഗണിക്കുവാൻ നിർവാഹമില്ല. ഡോ.ആൻ രശ്മി തോമസ് **28/10/2022** മുതൽ കണ്ണൂർ

ജില്ലയിലെ ഇരിട്ടി താലൂക്കാശുപത്രിയിൽ സേവനമനുഷ്ഠിച്ചതിന് ശേഷമാണ് താലൂക്കാസ്ഥാന ആശുപത്രി കരുവേലിപ്പടിയിലേക്ക് സ്ഥലംമാറ്റം നൽകിയിരുന്നത്.

5. <u>സാമൂഹികാരോഗ്യ കേന്ദ്രം,തുറവൂർ</u>:- ടി സ്ഥാപനത്തിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ഡോ.ശിഖ സുഗതൻ **17/12/2024** മുതലാണ് ഈ സ്ഥാപനത്തിൽ ജോലി ചെയ്ത് വരുന്നത്.ആയതിനാൽ ടി സ്ഥാപനത്തിലേക്കുള്ള സ്ഥലംമാറ്റ അപേക്ഷ പരിഗണിക്കുവാൻ നിർവാഹമില്ല.

6. <u>താലൂക്കാശുപത്രി, പിറവം</u>:- ടി സ്ഥാപനത്തിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ഡോ.അനിൽ.കെ.ശിവദാസ് **02/09/2024** മുതലാണ് ഈ സ്ഥാപനത്തിൽ ജോലി ചെയ്ത് വരുന്നത്. ആയതിനാൽ ടി സ്ഥാപനത്തിലേക്കുള്ള സ്ഥലംമാറ്റ അപേക്ഷ പരിഗണിക്കുവാൻ നിർവാഹമില്ല.

7. <u>താലൂക്കാസ്ഥാന ആശുപത്രി ,വൈക്കം</u>:- ടി സ്ഥാപനത്തിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ഡോ.ഗിരീഷ് ഫ്രാൻസിസ് **09/09/2024** മുതലാണ് ഈ സ്ഥാപനത്തിൽ ജോലി ചെയ്ത് വരുന്നത്. ആയതിനാൽ ടി സ്ഥാപനത്തിലേക്കുള്ള സ്ഥലംമാറ്റ അപേക്ഷ പരിഗണിക്കുവാൻ നിർവാഹമില്ല.

8. <u>താലൂക്കാസ്ഥാന ആശുപത്രി,തൃപ്പൂണിത്തുറ</u> :- ടി സ്ഥാപനത്തിലേക്ക് **2026** പൊതുസ്ഥലമാറ്റത്തിലെ കരട് പട്ടികയിൽ ഡോ.അബ്ദുൽ സത്താറിന്റെ ഓപ്ഷൻ പരിഗണിച്ച് കരട് പട്ടിക പ്രസിദ്ധീകരിച്ചിരുന്നു. കരട് പട്ടികയിന്മേൽ എന്തെങ്കിലും പരാതി ഉള്ളവർ അപ്പീൽ സമർപ്പിക്കുവാൻ ഈ ഓഫീസിൽ നിന്നും നിർദേശിച്ചിരുന്നു. ആയത് പ്രകാരം താലൂക്കാസ്ഥാന ആശുപത്രി തൃപ്പൂണിത്തുറയിൽ **08/06/2022** മുതൽ ജോലി ചെയ്യുന്ന ഡോ.ശാലിനി.എം നെ ടിയാളുടെ എസ്.സി പ്രൊട്ടക്ഷൻ പരിഗണിച്ച് നിലവിലെ ആശുപത്രിയിൽ നിലനിർത്തുന്നതിനായി അപ്പീൽ സമർപ്പിച്ചിരുന്നു. ഡോ.ശാലിനി.എം നാളിതു വരെ സർവ്വീസിൽ പ്രൊട്ടക്ഷൻ പ്രയോജനപ്പെടുത്തിയിട്ടില്ല. ആയതിനാൽ ടിയാളുടെ അപ്പീൽ അപേക്ഷ പരിഗണിച്ച്

ഡോ.ശാലിനി.എം നെ താലൂക്കാസ്ഥാന ആശുപത്രി തൃപ്പൂണിത്തുറയിൽ നിലനിർത്തുകയും അപ്രകാരം ഡോ.അബ്ദുൽ സത്താർ.എ യുടെ ഓപ്ഷനുകളിൽ പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ അപേക്ഷകനെ 2026 ലെ പൊതുസ്ഥലംമാറ്റത്തിൽ പരിഗണിച്ചില്ല.

എറണാകുളം ജില്ലയിൽ ജൂനിയർ കൺസൽട്ടൻറ് (പീഡിയാട്രിക്സ്) തസ്തികയിൽ ഒഴിവ് നിലവിൽ വരുന്ന പക്ഷം ആയത് യോഗ്യതയ്ക്കും സ്ഥലംമാറ്റ മാനദണ്ഡങ്ങൾക്കും വിധേയമായി പരിഗണിക്കുന്നതായിരിക്കും.

മേൽ സാഹര്യത്തിൽ ഡോ.അബ്ദുൽ സത്താർ.എ സമർപ്പിച്ച **Annexure A8** ഹർജിയിലെ ആവശ്യം നിരസിച്ച് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബുണലിന്റെ ഒ.എ (ഇ.കെ.എം) **892/2026** നമ്പർ കേസിന്മേലുള്ള പരാമർശം **(1)** വിധിന്യായം ഇപ്രകാരം അനുപാലനം ചെയ്ത് കൊള്ളുന്നു.

Digitally signed by
Meenakshy V
Date: 21-07-2026
13:32:15
ആരോഗ്യ വകുപ്പ് ഡയറക്ടർ

സ്വീകർത്താവ്:-

ഡോ .അബ്ദുൽ സത്താർ .എ, സാമൂഹികാരോഗ്യകേന്ദ്രം, പനത്തടി, കാസർഗോഡ്

പകർപ്പ്:-

**1.** അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

**2.** ജില്ലാ മെഡിക്കൽ ഓഫീസർ (ആ),കാസർഗോഡ്